I/83134/2024

**കേരളസർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

**വിജ്ഞാപനം**

**കീം 2024**

**എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും ഫീസ് ഒടുക്കാനുമുള്ള അവസരം**

കീം 2024 മുഖേന കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് താഴെപ്പറയുന്ന കോഴ്സുകൾ കൂട്ടിച്ചേർക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| A | മെഡിക്കൽ &<br>മെഡിക്കൽ അനുബന്ധ കോഴ്സുകൾ | 1. എം.ബി.ബി.എസ്<br>2. ബി.ഡി.എസ്<br>3.ബി.എച്ച്.എം.എസ് (ഹോമിയോ)<br>4.ബി.എ.എം.എസ് (ആയുർവേദ)<br>5. ബി.എസ്.എം.എസ് (സിദ്ധ)<br>6. ബി.യു.എം.എസ് (യുനാനി)<br>7.ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ<br>8.ബി.എസ്.സി (ഓണേഴ്സ്) ഫോറസ്ട്രി<br>9.ബി.എസ്.സി (ഓണേഴ്സ്) കോ-ഓപ്പറേഷൻ &ബാങ്കിംഗ്<br>10.ബി.എസ്.സി(ഓണേഴ്സ്) ക്ലൈമറ്റ്ചെയ്ഞ്ച്& എൻവയോൺമെന്റൽ സയൻസ്<br>11.ബി.ടെക്(ബയോടെക്നോളജി) (കേരളകാർഷികസർവ്വകലാശാല)<br>12.വെറ്ററിനറി (ബി.വി.എസ്.സി & എ.എച്ച്)<br>13.ഫിഷറീസ് (ബി.എഫ്.എസ്.സി) |
| B | എഞ്ചിനീയറിംഗ് കോഴ്സുകൾ | ബി.ടെക് ഡിഗ്രി കോഴ്സുകൾ (കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക് ഡയറി ടെക്നോളജി, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ |

| | | |
|---|---|---|
| | | സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് ഫുഡ് ടെക്നോളജി കോഴ്സ് ഉൾപ്പെടെ) |
| C | ഫാർമസി കോഴ്സ് | ബി.ഫാം |
| D | ആർക്കിടെക്ചർ കോഴ്സ് | ബി.ആർക്ക് |

കീം 2024 മുഖേന എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും അപേക്ഷയിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ആർക്കിടെക്ചർ (ബി.ആർക്) കോഴ്സ് കൂട്ടിച്ചേർക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ NATA നടത്തുന്ന പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതും മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നവർ NTA നടത്തുന്ന നീറ്റ് യു.ജി 2024 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതുമാണ്.

കീം 2024 അപേക്ഷിച്ചവർക്ക് ഫീസ് ഒടുക്കാനുള്ള അവസരം **22.04.2024, 4.00 മണി വരെയും** കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് **23.04.2024 രാവിലെ 10.00 മണി മുതൽ 24.04.2024 വൈകുന്നേരം 4.00 മണി വരെയും** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

കീം 2024 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനായി മേൽ വെബ്സൈറ്റിൽ **'KEAM 2024- Application'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രവേശിച്ച് **'Add Course'** എന്ന മെനു ക്ലിക്ക് ചെയ്ത് എഞ്ചിനീയറിംഗ്/ ഫാർമസി/ ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം **24.04.2024 വൈകുന്നേരം 4.00 മണിക്ക്** അവസാനിക്കുന്നതാണ്. അവസാന തീയതി ദീർഘിപ്പിച്ച് നൽകുന്നതല്ല. വിദ്യാർത്ഥികൾ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

**അപേക്ഷാ ഫീസ്:** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഓൺലൈനായി മാത്രം ബാക്കി തുക മേൽ തീയതിക്കകം അടയ്ക്കേണ്ടതാണ്.

I/83134/2024

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുമ്പ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2024-25 അദ്ധ്യയന വർഷത്തെ സംസ്ഥാന എഞ്ചിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും **27.03.2024** ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 20-04-2024 16:55:53

തിരുവനന്തപുരം
20-04-2024

**പ്രവേശന പരീക്ഷാ കമ്മീഷണർ**